10 ശതമാനം പലിശ നിരക്കിലാണ്. അതു കുറയ്ക്കുവാനായി നിരന്തരം ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു.

ചെറുകിട വ്യവസായങ്ങൾക്ക് കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

13 [5970] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾക്ക് മിനിമം ഗ്യാരണ്ടിയിൽ വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ 2002-03 വർഷത്തിൽ മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും എന്നേക്ക് വൈദ്യുതി കൊടുക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 425 അപേക്ഷകൾ

(ബി) 389 എണ്ണം

(സി) 36 എണ്ണം ബാക്കിയുണ്ട്. അപേക്ഷകർ തയ്യാറല്ലാത്തതിനാലാണ് കണക്ഷൻ കൊടുക്കാൻ താമസം നേരിടുന്നത്.

സൗജന്യമായി നൽകുന്ന വൈദ്യുതി

14 [5971] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോരുത്തർക്കും എത്ര യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകിവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹികേതര ആവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ടോ;

(സി) ഇത്തരത്തിൽ വൈദ്യുതി സൗജന്യമായി എന്നുമുതലാണ് വിതരണം ചെയ്തു തുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 500 വാട്ട്സ് കണക്ടഡ് ലോഡും പ്രതിമാസം 20 യൂണിറ്റ് വൈദ്യുതി ഉപഭോഗവുമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 2002-2003-ലെ കണക്കനുസരിച്ച് ഏതാണ്ട് 44540 ഉപഭോക്താക്കൾ ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. അവർ ഏതാണ്ട് 7.83 മില്യൻ യൂണിറ്റ് വൈദ്യുതി സൗജന്യമായി ഉപയോഗിച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ഉല്പാദനചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ചില ഗാർഹികേതര ആവശ്യങ്ങൾക്ക് വൈദ്യുതി വിതരണം ചെയ്തു വരുന്നത്.

(സി) പ്രസക്തമല്ല.

ഒ. ടി. പി. ആയി വൈദ്യുതി കണക്ഷൻ

15 [5972] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. കളത്തിൽ അബ്ദുള്ള:
,, യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒ. ടി. പി. ആയി വൈദ്യുതി കണക്ഷൻ ലഭിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഗാർഹിക, ഗാർഹികേതര മേഖലകളിൽ ഏതെല്ലാം വിഭാഗത്തിലെ അപേക്ഷകർക്കാണ് ഒ. ടി. പി. പ്രകാരം കണക്ഷൻ നൽകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) 1. കാർഷിക കണക്ഷനുകൾ

പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള കാർഷിക കണക്ഷനുകൾക്ക് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയത്, മറ്റു കാർഷിക കണക്ഷനെ അപേക്ഷിച്ച് പ്രത്യേക മുൻഗണന നൽകും.

2. ഗാർഹികം : മുൻഗണനാക്രമം

(1) വൈദ്യുതി ബോർഡ് ജീവനക്കാരും ബോർഡിൽ നിന്ന് പെൻഷൻ പറ്റിയവരും പാർട്ട്ടൈം കണ്ടിജന്റ് സ്വീപ്പർ തസ്തികകളിൽപ്പെട്ടവർ

(2) കര, നാവിക, വ്യോമസേന, സി. ആർ. പി. എഫ്., ബി. എസ്. എഫ്., ജി. ആർ. ഇ. എഫ്, ഐ. ടി. വി., എസ്. പി. ജി. , ആസാം റൈഫിൾസ് എന്നിവയിൽ സേവനമനുഷ്ടിക്കുന്ന ജവാൻമാർ.

LIBRARY ARCHIVES Kerala Legislative Assembly